Email:-keralarcs.coop@kerala.gov.in
website:- www.cooperation.kerala.gov.in
Fax- 0471-2331513
Tel- 0471-2330726

സി.ജി.(1)17762 /2013 സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി : **20.4.2013**

**സർക്കുലർ നമ്പർ 29 /2013**

വിഷയം- സഹകരണ വകുപ്പ്-കേരള നിക്ഷേപ ഗ്യാരന്റി സ്കീമിൽ അംഗമാകുന്നത് -നിർദ്ദേശം പുറപ്പെടുവിക്കുന്നു.

സൂചന- സർക്കാരിന്റെ **14.2.2013** ലെ 816/ലെജി **112/2013**/ലോ നമ്പർ ഗസറ്റ് നോട്ടീഫിക്കേഷൻ പ്രകാരം നോട്ടിഫൈ ചെയ്ത കേരള സഹകരണ സംഘം ഭേദഗതി നിയമം 2013 (2013 ലെ 8-ാം നമ്പർ നിയമം)

കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 57 (ബി) പ്രകാരം കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം രൂപീകരിക്കാൻ സർക്കാറിനെ അധികാരപ്പെടുത്തിയിരുന്നു. പ്രാഥമിക വായ്പ സഹകരണ സംഘങ്ങളിലെ നിക്ഷേകരുടെ താൽപര്യം സംരക്ഷിക്കുന്നതിനും നിക്ഷേപങ്ങൾക്ക് സുരക്ഷ ഉറപ്പു വരുത്തുന്നതിനുമായി നിക്ഷേപ സുരക്ഷാ സ്കീം പരിഷ്കരിച്ച് **11.1.2012** ലെ ജി.ഒ.(പി)3/2012/സഹ.നമ്പർ ഗസറ്റ് നോട്ടിഫിക്കേഷൻ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാരിന്റെ മേൽ പരാമർശിച്ച ഗസറ്റ് നോട്ടിഫിക്കേഷൻ പ്രകാരം നിക്ഷേപ ഗ്യാരന്റി സ്കീം ഫലപ്രദമായി നടപ്പിലാക്കുന്നതിന് കേരള സഹകരണ നിക്ഷേപ സുരക്ഷാ ഫണ്ട് ബോർഡ് രൂപീകരിച്ചിട്ടുണ്ട്. നിക്ഷേപ സുരക്ഷാ സ്കീം പ്രകാരം നിക്ഷേപം സ്വീകരിക്കുന്ന വായ്പ സഹകരണ സംഘങ്ങൾ നിക്ഷേപത്തിന്റെ ഒരു നിശ്ചിത വിഹിതം കേരള നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡിലേയ്ക്ക് അടയ്ക്കേണ്ടതുണ്ട്. സഹകരണ സംഘം രജിസ്ട്രാർ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡിലേയ്ക്ക് നോട്ടിഫൈ ചെയ്യുന്ന വായ്പ സഹകരണ സംഘങ്ങൾ/ബാങ്കുകളാണ് ഇപ്രകാരം വിഹിതം അടച്ച് പദ്ധതിയിൽ ചേരേണ്ടതായിട്ടുള്ളത്.

കേരള സഹകരണ സംഘം നിയമത്തിൽ ഭേദഗതി വരുത്തി കേരള നിയമസഭ, കേരള സഹകരണ സംഘം (ഭേദഗതി) നിയമം 2013 (2013 ലെ 8-ാം നമ്പർ നിയമം) പാസ്സാക്കിയിട്ടുണ്ട്. പ്രസ്തുത ഭേദഗതി നിയമത്തിൽ വകുപ്പ് 57 (ബി) യിൽ ഉപവകുപ്പ് (3) കൂട്ടിച്ചേർക്കുകയും നിക്ഷേപ ഗ്യാരന്റി സ്കീം ബാധകമായ എല്ലാ സഹകരണ സംഘങ്ങളും പ്രസ്തുത സ്കീമിൽ **6** മാസത്തിനകം ചേരണമെന്നും സ്കീമിൽ ചേരാത്ത സഹകരണ സംഘങ്ങൾക്ക് നിക്ഷേപം സ്വീകരിക്കാനുള്ള അവകാശം നഷ്ടമാകുമെന്നും, സ്കീമിൽ ചേരാത്ത സഹകരണ സംഘങ്ങൾ നിക്ഷേപം സ്വീകരിക്കുന്നതിൽ നിന്നും വിലക്ക് കൽപിച്ച് ഉത്തരവ് നൽകാൻ സഹകരണ സംഘം രജിസ്ട്രാറെ അധികാരപ്പെടുത്തിയും വ്യവസ്ഥ

ഉൾപ്പെടുത്തിയിട്ടുണ്ട്. ആകയാൽ സഹകരണ സംഘം രജിസ്ട്രാർ കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡിലേയ്ക്ക് നോട്ടിഫൈ ചെയ്ത എല്ലാ വായ്പ സഹകരണ സംഘങ്ങളും നിക്ഷേപ സുരക്ഷാ പദ്ധതിയിൽ ചേർന്ന് നിശ്ചിത വിഹിതം അടയ്ക്കേണ്ടതാണ്.

ഒപ്പ്

കെ.വി.സുരേഷ്ബാബു
സഹകരണസംഘം രജിസ്ട്രാറുടെ ചുമതല
വഹിക്കുന്ന അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്)

1) രജിസ്ട്രാർ
   കേരള ഹൈക്കോടതി-ഉപരിപത്രം സഹിതം,
   എറണാകുളം.
2) സെക്രട്ടറി
   കേരള നിയമസഭ- ഉപരിപത്രം സഹിതം.
3) ഡയറക്ടർ ഓഫ് കോ-ഓപ്പറേറ്റീവ് ആഡിറ്റ്
   ആഡിറ്റ് ഡയറക്ടറുടെ കാര്യാലയം,
   വികാസ് ഭവൻ-തിരുവനന്തപുരം.
4) ജോയിന്റ് രജിസ്ട്രാർ/സെക്രട്ടറി
   കേരള നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ്
   തിരുവനന്തപുരം.
5) എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും
6) എല്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്)മാർക്കും
7) ജോയിന്റ് ഡയറക്ടർ കൺകറന്റ് ആഡിറ്റർ, സംസ്ഥാന സഹകരണ ബാങ്ക്, സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്ക്.
8) എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) മാർക്കും
   (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
9) എല്ലാ അസിസ്റ്റന്റ് ഡയറക്ടർ(ആഡിറ്റ്)മ്മാർക്കും
   (ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) മുഖേന)
10) മാനേജിംഗ് ഡയറക്ടർ,
   കേരള സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം.
11) മാനേജിംഗ് ഡയറക്ടർ
   കേരള സംസ്ഥാന സഹകരണ കാർഷിക
   ഗ്രാമ വികസന ബാങ്ക്, തിരുവനന്തപുരം.
12) ജനറൽ മാനേജർ,
   എല്ലാ ജില്ലാ സഹകരണ ബാങ്കുകളും
13) എല്ലാ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/ബാങ്കുകൾക്കും
   (ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന)
14) എഡിറ്റർ, സഹകരണ വീഥി/സഹകരണ ജേർണൽ
15) ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും
16) വെബ്സൈറ്റ്
17) സ്റ്റോക്ക് ഫയൽ/സ്പെയർ.

//ആജ്ഞാനുസരണം//

ഡെപ്യൂട്ടി രജിസ്ട്രാർ(ക്രെഡിറ്റ്)